**മധുരമായ കുട്ടികളേ - തന്റെ സർനെയിം (കുലനാമം) സദാ ഓർമ്മവെയ്ക്കു, നിങ്ങൾ ഈശ്വരീയ സന്താനങ്ങളാണ്, നിങ്ങളുടേത് ഈശ്വരീയ കുലമാണ്, നിങ്ങൾ ദേവതകളേക്കാൾ ഉയർന്നവരാണ്, നിങ്ങളുടെ പെരുമാറ്റം വളരെ രാജ കീയമായിരിക്കണം.**

**ചോദ്യം:-** ബാബ നിങ്ങൾ കുട്ടികളെ തനിക്കുസമാനം സ്നേഹസാഗരനാക്കി മാറ്റിയിട്ടുണ്ട്, ഇതിന്റെ അട യാളമെന്താണ്?
**ഉത്തരം:-** നിങ്ങൾ കുട്ടികൾ ബാബയ്ക്കു സമാനം സ്നേഹിയായിരിക്കുന്നു അതിനാലാണ് നിങ്ങളുടെ ഓർമ്മചിഹ്നങ്ങളായ ചിത്രങ്ങളെ എല്ലാവരും സ്നേഹിക്കുന്നത്. സ്നേഹത്തോടെ നോക്കുന്നത്. ലക്ഷ്മീ നാരായണൻ സദാ ഹർഷിത മുഖരും രമണീയവുമാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബ നമ്മളെ ജ്ഞാനയോഗത്തിലൂടെ വളരെ വളരെ മധുരമാക്കി മാറ്റുകയാണ്. നിങ്ങൾ സദാ മുഖത്തിലൂടെ ജ്ഞാനര ത്നങ്ങൾ പൊഴിക്കൂ.

**ഗീതം:-** അങ്ങ് സ്നേഹസാഗരനാണ്......

**ഓം ശാന്തി.** അങ്ങ് സ്നേഹസാഗരനാണ് എന്ന് ആരുടെ മഹിമയാണ് ഈ പാടുന്നത്. ഇത് ഏതെങ്കിലും മനുഷ്യരുടെ മഹിമയല്ല. പറയാറുണ്ട് അങ്ങ് സ്നേഹത്തിന്റേയും ശാന്തിയുടേയും പവിത്രതയുടേയും സാഗരമാണ്. ഇപ്പോൾ നിങ്ങൾ പവിത്രമാവുകയാണ്. വിവാഹം കഴിക്കാത്തവർ അനവധിയുണ്ട്, സന്യാസം സ്വീകരിക്കാതെ തന്നെ പവിത്രമായി ജീവിക്കുന്നവരുമുണ്ട്. ജ്ഞാനമുള്ളവർ ഗൃഹസ്ഥ വ്യവഹാരത്തിലും ജനകനെപ്പോലെയിരിക്കും എന്ന് പാടിയിട്ടുണ്ട്. അവരുടെ ചരിത്രവുമുണ്ട്. ജനകൻ പറഞ്ഞു എനിക്ക് ബ്രഹ്മജ്ഞാനം നൽകിയാലും. വാസ്തവത്തിൽ പറയേണ്ടത് ബ്രഹ്മാ ജ്ഞാനമെന്നാണ്. പരമപിതാ പരമാ ത്മാവ് ബ്രഹ്മാവിലൂടെ വന്ന് ബ്രഹ്മാകുമാരന്മാർക്കും കുമാരിമാർക്കും ജ്ഞാനം നൽകുകയാണ്.

നിങ്ങൾക്ക് അറിയാം ഈ സമയത്ത് നമ്മുടെ സർനെയിം ബ്രഹ്മാകുമാരൻ-കുമാരി എന്നാണ്, നമ്മളാണ് ഈശ്വരീയ സന്താനങ്ങൾ. നമ്മൾ ഈശ്വരന്റെ സന്താനങ്ങളാണ് എന്ന് എല്ലാവരും പറയാറുണ്ട്. എങ്കിൽ തീർച്ചയായും എല്ലാവരും സഹോദരങ്ങളല്ലേ പിന്നീട് സ്വയം അച്ഛനാണ് എന്ന് പറയാൻ സാധിക്കില്ല. എല്ലാവരും അച്ഛന്മാരല്ല സാഹോദര്യം എന്നാണ് പറയാറ്. ഒന്നാമത് നിങ്ങൾ സ്വയം ബ്രഹ്മാകുമാരൻ-കുമാരി എന്നാണ് പറയുന്നത്, രണ്ടാമത് ആരുടെ കുമാരനും കുമാരിയുമാണോ അവരെ മമ്മാ-ബാബ എന്നു വിളിക്കുന്നു. കുട്ടികൾക്ക് അറിയാം ഞങ്ങൾ ശിവബാബയുടെ പേരക്കുട്ടികളാണ് ബ്രഹ്മാകുമാ രന്മാരും കുമാരികളുമാണ്. ഭാരതീയർ അനേകം ശാസ്ത്രങ്ങളും വേദങ്ങളും പുരാണങ്ങളുമെല്ലാം പഠി ക്കുന്നുണ്ട്. സർവ്വശാസ്ത്ര ശിരോമണി ശ്രീമത് ഭഗവദ്ഗീതയാണ്. ഗീതയിലൂടെയാണ് സത്യയുഗത്തിന്റെ സ്ഥാപനയുണ്ടാകുന്നത്. ജ്ഞാനസാഗരനായ പരമാത്മാവാണ് ഗീതാജ്ഞാനം നൽകിയത്. ഈ മുഴുവൻ ജ്ഞാനനദികളും ജ്ഞാന സാഗരത്തിൽ നിന്നാണ് ഉദ്ഭവിക്കുന്നത്. അല്ലാതെ ഗംഗാനദിയിൽ നിന്നും പാവ നമാകുന്നതിനുള്ള ജ്ഞാനം ലഭിക്കുമോ. സദ്ഗതി അർത്ഥം പാവനമായി മാറുക. ഇത് തമോപ്രധാന പതി തലോകമാണ്. അഥവാ പാവനമായാൽ എവിടെച്ചെന്നിരിക്കും. തിരിച്ച് പോകാനാണെങ്കിൽ പറ്റുകയുമില്ല. നിയമമില്ല. എല്ലാവർക്കും പുനർജന്മങ്ങളെടുത്ത് പതിതമാവുകതന്നെ വേണം. ബാബയാണ് ജ്ഞാനസാഗ രൻ. നിങ്ങൾ പ്രാക്ടിക്കലായി കേട്ടുകൊണ്ടിരിക്കുകയാണ്. ഇത് ആരെക്കൊണ്ടും കോപ്പിയടിക്കാൻ സാധി ക്കില്ല. ഞങ്ങളും അതേ ജ്ഞാനം തന്നെയാണ് നൽകുന്നത് എന്ന് അനേകം പേർ പറയാറുണ്ട്, പക്ഷേ അങ്ങനെയല്ല. ഇവിടെ ആർക്കാണോ ജ്ഞാനം ലഭിക്കുന്നത് അവരെ ബ്രഹ്മാകുമാരൻ-കുമാരി എന്നാണ് വിളിക്കുന്നത് മറ്റൊരു സ്ഥാപനത്തിലും ഇങ്ങനെ ബ്രഹ്മാകുമാരൻ-കുമാരി എന്നു വിളിക്കില്ല. തീർച്ചയായും വസ്ത്രമൊക്കെ ഇതുപോലെതന്നെ ധരിച്ചിട്ടുണ്ടാകും എന്നാലും ആർക്കും പറയാൻ സാധിക്കില്ല ഞങ്ങൾ ബ്രഹ്മാവിന്റെ കുട്ടികളാണെന്ന്. ഇവർക്ക് ബ്രഹ്മാവ് എന്ന നാമം നൽകിയത് ഞാനാണ്. ഇരുന്ന് ഇവർക്ക് മനസ്സിലാക്കിക്കൊടുക്കുകയാണ്. നിങ്ങളോടും പറയും നിങ്ങൾ ബ്രഹ്മാകുമാരാൻ-കുമാരിമാർക്ക് നിങ്ങ ളുടെ ജന്മങ്ങളെക്കുറിച്ച് അറിയില്ല, എന്നാൽ എനിക്ക് അറിയാം. ഇപ്പോൾ സംഗമയുഗത്തിൽ കാലുമുണ്ട് കുടുമയുമുണ്ട് ഇതിലൂടെ പഴയലോകം മാറി പുതിയതാകുന്നു. സത്യയുഗം, ത്രേതാ, ദ്വാപരം, കലിയുഗം.... സൃഷ്ടി വൃദ്ധി പ്രാപിക്കുന്നു. ഇപ്പോൾ അന്ത്യമാണ് ലോകം മാറി പുതിയതുണ്ടാവണം. ബാബ വന്ന് ത്രികാലദർശിയാക്കി മാറ്റുകയാണ്. ബാബ സ്നേഹസാഗരനാണ് അതിനാൽ തീർച്ചയായും ബാബയ്ക്കു സമാനം സ്നേഹിയാക്കി മാറ്റും. നോക്കൂ ലക്ഷ്മീ നാരായണന്മാർക്ക് എത്ര ആകർഷണമാണ്. ലക്ഷ്മീ

നാരായണന്മാർ എത്രത്തോളം ഹർഷിതമുഖവും രമണീയവുമാണോ അത്രത്തോളമില്ല രാമസീതയിൽ. ലക്ഷ്മീ നാരായണന്മാരെ കാണുമ്പോൾ തന്നെ സന്തോഷം തോന്നുന്നു. രാധാ-കൃഷ്ണന്റെ ക്ഷേത്രത്തിൽ പോകുമ്പോൾ ഇത്രയും സന്തോഷം തോന്നില്ല. ലക്ഷ്മീ നാരായണന്മാർക്ക് രാജ്യമുണ്ടായിരുന്നു. ഇപ്പോൾ ലോകത്തിന് ഈ കാര്യമൊന്നും അറിയില്ല. നിങ്ങൾക്ക് അറിയാം ബാബ വളരെ വളരെ മധുരമാക്കി മാറ്റുകയാണ്. ലക്ഷ്മീ നാരായണന്മാരെ ജ്ഞാനസാഗരൻ എന്നു പറയില്ല. അവർ ഈ ജ്ഞാനയോഗത്തിലൂടെയാണ് ഇങ്ങനെയായി മാറിയത്. ഇപ്പോൾ നിങ്ങളും ആയിമാറുകയാണ്. ലോകർ ആഗ്രഹിക്കുന്നത് ലോകം മുഴുവൻ ഒന്നാകണം, ഒരു രാജ്യമാകണം എന്നാണ്. മുമ്പ് ഒരേ ഒരു രാജ്യം ഉണ്ടായിരുന്നു എന്ന ഓർമ്മ ഉണർത്തുകയാണ്. പക്ഷേ അതിനർത്ഥം ഇപ്പോൾ എല്ലാവരും ചേർന്ന് ഒന്നാകും എന്നല്ല. എന്തെന്നാൽ അവിടെ വളരെ കുറച്ച് മനുഷ്യരേ ഉണ്ടായിരുന്നുള്ളൂ. നമ്മൾ ഈശ്വരീയ സന്താനങ്ങളാണ് എന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. പറയുന്നു ഈശ്വരൻ വിളിക്കുമ്പോൾ വിളിപ്പുറത്ത് വരുമെന്ന്. പക്ഷേ വിളിക്കുമ്പോൾ തന്നെ വരുന്നത് ആത്മാവാണ്. ആത്മാവ് സർവ്വവ്യാപിയാണ്, എല്ലാവരിലും ആത്മാവുണ്ട്. എല്ലാവരിലും പരമാത്മാവുണ്ട് എന്നല്ല. എങ്കിൽ സത്യം ചെയ്യേണ്ട ആവശ്യമെന്താണ്? അഥവാ നമ്മളിൽ തന്നെ പരമാത്മാവ് ഉണ്ടെങ്കിൽ പിന്നെ സത്യം ചെയ്യുന്നത് ആരുടെ പേരിലാണ്? അഥവാ നമ്മൾ എന്തെങ്കിലും തലതിരിഞ്ഞ കാര്യങ്ങൾ ചെയ്താൽ പരമാത്മാവ് നമുക്ക് ശിക്ഷ നൽകും. അഥവാ പരമാത്മ് എല്ലാവരിലും ഉണ്ടെങ്കിൽ പിന്നെ സത്യം ചെയ്യേണ്ട ആവശ്യമേയില്ല. ഇപ്പോൾ നിങ്ങൾ സാകാരത്തിലാണ്, ആത്മാവിനെ ഈ കണ്ണുകൊണ്ട് കാണാൻ സാധിക്കില്ലെങ്കിൽ പിന്നെങ്ങിനെ പരമാത്മാവിനെ കാണാൻ സാധിക്കും? അനുഭവം ചെയ്യുകയാണ് എന്നിൽ ആത്മാവുണ്ടെന്ന്. പരമാത്മാവിന്റെ സാക്ഷാത്ക്കാരമുണ്ടാകണം എന്ന് പറയാറുണ്ട് പക്ഷേ ആത്മാവിനെ കാണാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങിനെ പരമാത്മാവിനെ കാണാൻ സാധിക്കും? ആത്മാവുതന്നെയാണ് പുണ്യാത്മാവും പാപാത്മാവുമാകുന്നത്. ഈ സമയം പാപാത്മാവാണ്. നിങ്ങൾ വളരെ അധികം പുണ്യം ചെയ്തിരുന്നു, അച്ഛനുമുന്നിൽ ശരീരം, മനസ്സ്, ധനം എന്നിവ സമർപ്പിച്ചിരുന്നു. ഇപ്പോൾ പാപാത്മാവിൽ നിന്നും പുണ്യത്മാവായി മാറുകയാണ്. ശിവബാബയ്ക്ക് ശരീരം, മനസ്സ്, ധനം എല്ലാം ബലി നൽകുന്നു. ഇവരും അർപ്പണം ചെയ്തിരുന്നു. ശരീരവും സത്യമായ സേവനത്തിനായി നൽകി. മാതാക്കൾക്കു മുന്നിൽ അർപ്പണം ചെയ്ത് ട്രസ്റ്റിയായി മാറി. മാതാക്കളെ മുന്നിൽ വെയ്ക്കണം. മാതാക്കൾ വന്ന് ശരണം പ്രാപിച്ചു അവരുടെ സംരക്ഷണം എങ്ങനെ ചെയ്യും? മാതാക്കൾക്കുമേൽ ബലിയാവണം. ബാബ പറയുന്നു വന്ദേ മാതരം. വിളിപ്പുറത്ത് പ്രത്യക്ഷമാകുന്നതിന്റെ രഹസ്യവും മനസ്സിലാക്കിത്തന്നു. ആത്മാവാണ് വിളിക്കുന്നത് അല്ലയോ ഈശ്വരീയ പിതാവേ എന്ന്. ഏത് പിതാവിനെയാണ് വിളിക്കുന്നത്? ഇത് മനസ്സിലാക്കുന്നില്ല. നിങ്ങൾ ലക്ഷ്മീ നാരായണനായി മാറുകയാണ്. മനുഷ്യർ നിങ്ങളെ എത്ര സ്നേഹിക്കുന്നു. ഹെർ ഹോളിനസ്, ഹിസ് ഹോളിനസ് എന്നാണ് അവരെ വിളിക്കുന്നത്. ഇപ്പോൾ നിങ്ങൾ പറയും ഞങ്ങൾ ഈശ്വരീയ കുലത്തിലേതാണ്, മുമ്പ് ആസുരീയ കുലത്തിലേതായിരുന്നു. ബ്രാഹ്മണരുടെ സർനെയിം തന്നെ ഈശ്വരീയ സന്താനം എന്നാണ്. ഗാന്ധിജിയും ആഗ്രഹിച്ചിരുന്നു ഭാരതം രാമരാജ്യമാകണമെന്ന്. പുതിയ ഭാരതത്തിൽ പുതിയ ലോകം ഉണ്ടാകണമെന്ന്. വിശ്വത്തിന്റെ മുഴുവൻ അധികാരവുമുള്ള ഗവൺമെന്റുണ്ടാകണം അത് പരിധിയില്ലാത്ത അച്ഛനെക്കൊണ്ടുമാത്രമേ നിർമ്മിക്കാൻ സാധിക്കൂ. ബാബ പറയുന്നു ഞാൻ മുഴുവൻ വിശ്വത്തിന്റേയും സർവ്വാധികാരിയാണ്. ഉയർന്നതിലും ഉയർന്ന നിരാകാരനാണ്. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ എന്റെ രചനകളാണ്. ഭാരതം ശിവാലയം, സമ്പൂർണ്ണ നിർവ്വികാരിയായിരുന്നു, ഇപ്പോൾ സമ്പൂർണ്ണ വികാരിയായിത്തീർന്നു. സമ്പൂർണ്ണ നിർവ്വികാരികളായ മനുഷ്യർ ഇവിടെയുണ്ടായിരുന്നു എന്നത് പോലും ആർക്കും അറിയില്ല. ഒരു ലോകമാകണം, ഒരു ഗവൺമെന്റ് ഉണ്ടാകണം എന്നെല്ലാം ആഗ്രഹിക്കുന്നുണ്ട്. അതിനാൽ പരമാത്മാവ് ഒരു സർവ്വാധികാരമുള്ള ദൈവീക, ലക്ഷ്മീ നാരായണന്മാരുടെ രാജ്യം സ്ഥാപിക്കുകയാണ് ബാക്കി എല്ലാവരുടേയും വിനാശം മുന്നിൽ നിൽക്കുകയാണ്. ഇത്രയും ലഹരിയുണ്ടായിരിക്കണം! ഇവിടെ നിന്നും വീട്ടിലെത്തിയാൽ എല്ലാം മറക്കുന്നു. സഞ്ജീവനീ മരുന്നിന്റെ കഥയുണ്ടല്ലോ. പക്ഷേ ഇത് ജ്ഞാനത്തിന്റെ മരുന്നാണ്, മന്മനാഭവയുടെ. ദേഹാഭിമാനത്തിൽ വരുന്നതിനാലാണ് മായയുടെ അടി കൊള്ളുന്നത്. ദേഹീ അഭിമാനിയായി മാറുകയാണെങ്കിൽ അടി കൊള്ളില്ല. നമ്മൾ ശിവബാബയിൽ നിന്നും സമ്പത്ത് എടുക്കുകയാണ്. ഇത് ബ്രഹ്മാവിന്റേയും അന്തിമ ജന്മമാണ്, അവരും സമ്പത്ത് എടുക്കുകയാണ്. ദൈവീക രാജധാനി ഈശ്വരീയ പിതാവിൽ നിന്നും നിങ്ങൾക്കു ലഭിക്കുന്ന ജന്മാവകാശമാണ്. നിങ്ങൾ കുട്ടികളുടെ പെരുമാറ്റം ദൈവീകമായിരിക്കണം. നിങ്ങൾ ബ്രാഹ്മണർ ദേവതകളേക്കാൾ ഉയർന്നവരാണ്. നിങ്ങൾ വളരെ മധുരമായി വേണം സംസാരിക്കാൻ. പ്രഭാഷണങ്ങളിലും മറ്റും സംസാരിക്കേണ്ടി വരും, ബാക്കി വ്യർത്ഥമായ ഒരുകാര്യത്തിലേയ്ക്കും പോകരുത്. മുഖത്തിൽ നിന്ന് സദാ രത്നങ്ങൾ വരണം. ഈ കണ്ണുണ്ട് പക്ഷേ സ്വർഗ്ഗത്തേയും മൂലവതനത്തേയും കണ്ടുകൊണ്ടിരിക്കണം. ജ്ഞാനത്തിന്റെ നേത്രം ആത്മാവിനാണ് പ്രാപ്തമാകുന്നത്. ആത്മാവാണ് ഇന്ദ്രിയങ്ങളിലൂടെ പഠിക്കുന്നത്. എങ്ങനെയാണോ വിവേകപ്പല്ല് മുളക്കുന്നത്, അതുപോലെ ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ

നേത്രം ലഭിച്ചിരിക്കുകയാണ്. ബാബ ബ്രാഹ്മണർക്കാണ് സമ്പത്ത് നൽകുക അല്ലാതെ ശൂദ്രർക്കല്ല. മൂന്നാമത്തെ നേത്രം ആത്മാവിനാണ് ലഭിക്കുന്നത്. ജ്ഞാനനേത്രമില്ലാതെ ശരിയും തെറ്റും മനസ്സിലാക്കാൻ സാധിക്കില്ല. രാവണൻ തെറ്റായ വഴിയിലൂടെയേ നടത്തിക്കൂ, ബാബയാണ് ശരിയായ വഴിയിലൂടെ നടത്തിക്കുന്നത്. എപ്പോഴും പരസ്പരം ഗുണങ്ങൾ വേണം എടുക്കാൻ. ഗുണത്തിനു പകരം അവഗുണം എടുക്കരുത്.

നോക്കൂ ഡോക്ടർ നിർമ്മല വന്നിട്ടുണ്ട് അവരുടെ സ്വഭാവം വളരെ മധുരമാണ്. ശാന്തചിത്തരും മിതഭാഷിയുമാകാൻ അവരെക്കണ്ട് പഠിക്കണം. വളരെ ബുദ്ധിസാമാർത്ഥ്യവും മധുരമായ കുട്ടിയാണ്. ശാന്തമായി ഇരിക്കുന്നതിനും രാജകീയത വേണം. കുറച്ച് സമയം ഓർമ്മിച്ചു അതിനുശേഷമുള്ള മുഴുവൻ സമയവും നഷ്ടമാക്കി ഇങ്ങനെയാവരുത്. ഇതും അഭ്യസിക്കണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ ശക്തിയുണ്ടാകും. അപ്പോൾ ബാബയും സന്തുഷ്ടനാകുന്നു. ഇങ്ങനെയുള്ള അവസ്ഥയുള്ളവർ ആരെ നോക്കിയാലും പെട്ടെന്നുതന്നെ അവരെയും അശരീരിയാക്കി മാറ്റും. അശരീരിയായി മാറി ശാന്തമാകുന്നു. കേവലം ശാന്തിയിൽ ഇരിക്കുക എന്നത് അത്രവലിയ സുഖമൊന്നുമല്ല, അത് അല്പകാല സുഖമാണ്. ശാന്തിയിൽ ഇരുന്നാൽ പിന്നെ കർമ്മങ്ങൾ ആരുചെയ്യും? യോഗത്തിലൂടെ വികർമ്മങ്ങൾ വിനാശമാകും. സത്യമായ ശാന്തിയും സുഖവും ഇവിടെയുണ്ടാകില്ല. ഇവിടെ സർവ്വസാധനങ്ങളും അല്പകാലത്തിലേയ്ക്കുള്ളതാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## രാത്രിക്ലാസ് 9.4.68

വിശ്വത്തിനു മുഴുവൻ എങ്ങനെ ശാന്തി ലഭിക്കും എന്നതിനെ പ്രതി ഇക്കാലത്ത് അനേകം കോൺഫറൻസുകൾ നടക്കുന്നു! അവരോട് പറയണം, നോക്കൂ സത്യയുഗത്തിൽ ഒരേഒരു ധർമ്മം, ഒരേഒരു രാജ്യം, അദ്വൈത ധർമ്മമായിരുന്നു. അവിടെ വഴക്കുണ്ടാകാൻ രണ്ടാമത് ഒരു ധർമ്മം ഉണ്ടായിരുന്നില്ല. അത് രാമരാജ്യമായിരുന്നു അപ്പോഴാണ് വിശ്വത്തിന് ശാന്തിയുണ്ടായിരുന്നത്. വിശ്വത്തിൽ ശാന്തിയുണ്ടാകണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു. അത് സത്യയുഗത്തിലാണ് ഉണ്ടായിരുന്നത്. പിന്നീട് അനേക ധർമ്മങ്ങൾ വന്നതിനാൽ അശാന്തമായി. പക്ഷേ ആരെങ്കിലും മനസ്സിലാക്കുന്നതുവരെ തലയിട്ട് ഉടയ്ക്കണം. മുന്നോട്ടുപോകവേ പത്രങ്ങളിലും അച്ചടിച്ചുവരും പിന്നീട് സന്യാസിമാരുടെ കാതും തുറക്കും. ഇത് നിങ്ങൾ കുട്ടികൾക്കായുള്ളതാണ് നമ്മുടെ രാജധാനി സ്ഥാപിക്കപ്പെടുകയാണ്. ഇത് തന്നെയാണ് ലഹരി. മ്യൂസിയത്തിലെ ഷോ കണ്ട് വളരെപേർ വരും. ഉള്ളിൽ വന്ന് അത്ഭുതപ്പെടും. പുതിയ പുതിയ ചിത്രങ്ങളിൽ പുതിയ പുതിയ കാര്യങ്ങൾ കേൾക്കും.

യോഗം മുക്തി- ജീവന്മുക്തിയ്ക്കുവേണ്ടിയുള്ളതാണ്, ഇത് കുട്ടികൾക്ക് അറിയാവുന്ന കാര്യമാണ്. ഇത് ഒരു മനുഷ്യനും പഠിപ്പിക്കാനും സാധിക്കില്ല. പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും മുക്തി ജീവന്മുക്തിയ്ക്കുള്ള യോഗം പഠിപ്പിക്കാൻ സാധിക്കില്ല എന്നതും എഴുതണം. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരാൾ മാത്രമാണ്. മനുഷ്യർക്ക് വായിക്കാനായി ഇതും വളരെ വ്യക്തമായി എഴുതണം. സന്യാസിമാർ എന്തായിരിക്കും പഠിപ്പിക്കുക. യോഗമാണെന്ന് പറയുന്നു എന്നാൽ വാസ്തവത്തിൽ യോഗം പഠിപ്പിക്കാൻ ആർക്കും സാധിക്കില്ല. മഹിമ മുഴുവൻ ഒന്നിന്റേതാണ്. വിശ്വത്തിൽ മുഴുവൻ ശാന്തി സ്ഥാപിക്കുക അഥവാ മുക്തി ജീവന്മുക്തി നൽകുക എന്നത് ഒരച്ഛന്റെ മാത്രം ജോലിയാണ്. ഇങ്ങനെ വിചാരസാഗര മഥനം ചെയ്ത് പോയിന്റ്സ് മനസ്സിലാക്കിക്കൊടുക്കണം. മനുഷ്യർക്ക് കാര്യങ്ങൾ വ്യക്തമായി ദഹിക്കുന്ന രീതിയിൽ എഴുതണം. ഈ ലോകത്തെ മാറ്റുകതന്നെ വേണം. ഇത് മൃത്യുലോകമാണ്. പുതിയ ലോകത്തേയാണ് അമരലോകം എന്നു പറയുന്നത്. അമരലോകത്തിൽ മനുഷ്യർ എങ്ങനെയാണ് അമരന്മായിരിക്കുന്നത് ഇതും അത്ഭുതമല്ലേ. അവിടെ ആയുസ്സ് വളരെ കൂടുതലായിരിക്കും പിന്നെ സമയപ്രമാണം സ്വതവേ വസ്ത്രം മാറ്റുന്നതുപോലെ പുതിയ ശരീരം ധാരണ ചെയ്യും. ഇതെല്ലാം മനസ്സിലാക്കിക്കൊടുക്കേണ്ട കാര്യങ്ങളാണ്. ശരി!

മധുര മധുരമായ ആത്മീയ കുട്ടികൾക്ക് ബാബയുടേയും ദാദയുടേയും സ്നേഹസ്മരണകളും ശുഭരാത്രിയും. നമസ്ക്കാരവും.

**ധാരണയ്ക്കുള്ള മുഖ്യസാരം-**

1) തന്റെ സ്വഭാവത്തെ വളരെ മധുരവും ശാന്തചിത്തവുമാക്കി മാറ്റണം. വളരെ കുറച്ച് കുലീനതയോടെ സംസാരിക്കണം.

2) ശരീരം, മനസ്സ്, ധനം ഉപയോഗിച്ച് ബ്രഹ്മാബാബയ്ക്കുസമാനം ട്രസ്റ്റിയായിരിക്കണം.

## വരദാനം:- ജ്ഞാന യോഗത്തിന്റെ ശക്തിയിലൂടെ ഓരോ പരിസ്ഥിതിയേയും സെക്കന്റിൽ മറികടക്കുന്ന മഹാവീരനായി ഭവിക്കൂ

മഹാവീരൻ അർത്ഥം സദാ പ്രകാശത്തിന്റേയും ശക്തിയുടേയും സ്തംഭം. ജ്ഞാനമാണ് പ്രകാശം യോഗമാണ് ശക്തി. ആരാണോ ഈ രണ്ട് ശക്തികളാലും സമ്പന്നമായിട്ടുള്ളത് അവർ ഓരോ പരിസ്ഥിതിയേയും സെക്കന്റിൽ മറികടക്കുന്നു. അഥവാ സമയത്ത് വിജയിക്കുന്നതിന്റെ സംസ്ക്കാരം ഇല്ലെങ്കിൽ അന്തിമത്തിലും ആ സംസ്ക്കാരം പൂർണ്ണമായും വിജയിക്കാൻ അനുവദിക്കില്ല. ആരാണോ സമയത്ത് പൂർണ്ണമായും വിജയിക്കുന്നത് അവരെയാണ് പദവിയോടെയുള്ള വിജയി എന്ന് പറയുന്നത്. ധർമ്മരാജനും അവർക്ക് ആദരവ് നൽകുന്നു.

## സ്ലോഗൻ:- യോഗ അഗ്നിയിലൂടെ വികാരങ്ങളുടെ വിത്തിനെ ഭസ്മമാക്കൂ എങ്കിൽ സമയത്ത് വഞ്ചിതരാകില്ല.